# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ -3309

24.02.2016-ലെ മറുപടിക്ക്

## ട്രാവൻകൂർ ടൈറ്റാനിയം അഴിമതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.കെ.ബാലൻ<br>,, എളമരം കരീം<br>,, വി.ശിവൻകുട്ടി<br>,, ബി.സത്യൻ : | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ 256 കോടി രൂപയുടെ മലിനീകരണ നിവാരണ പദ്ധതിയിൽ അഴിമതിയും അധികാര ദുർവിനിയോഗവും മറ്റും ആരോപിച്ചുകൊണ്ടുള്ള ഹർജികളിൽ ആരോപിതരായിട്ടുള്ളവർ എത്ര; അവർ ആരൊക്കെ എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ സി.എം.പി. 845/2006 എന്ന ഹർജിയിൽ 6 ആരോപിതർ ഉണ്ട്.<br>1. മാനേജിംഗ് ഡയറക്ടർ ടി.ടി.പി.ലിമിറ്റഡ്)<br>2.ശ്രീ.ഈപ്പൻ ജോസഫ് (മുൻ മാനേജിംഗ് ഡയറക്ടർ ടി.ടി.പി.ലിമിറ്റഡ്)<br>3.ശ്രീ.സന്തോഷ് കുമാർ (ചീഫ് മാനേജർ, മാർക്കറ്റിംഗ്, ടി.ടി.പി. ലിമിറ്റഡ്)<br>4.ശ്രീ.എം.എം. ഭാസ്കരൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി.ലിമിറ്റഡ്)<br>5.ശ്രീ.തോമസ് മാത്യു (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്)<br>6.ശ്രീ.ബി.ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്. |
| (ബി) കുറ്റാരോപിതരിൽ എത്ര പേർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവർ ആരൊക്കെ; | (ബി) | ഈ ആൾക്കാർക്ക് എതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്; |

| | | | |
|---|---|---|---|
| (സി) | പരാതികളുടെയടിസ്ഥാനത്തിൽ എഫ്.ഐ. ആറിന്റെ പരിധിയിൽ ഇപ്പോഴും വരാത്ത കുറ്റാരോപിതർ ആരൊക്കെയാണ്; | (സി) | എഫ്.ഐ.ആറിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു. |
| (ഡി) | കുറ്റാരോപിതരായ എല്ലാവരുടെയും പേരിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താതിരിക്കുന്നത് എന്തു കൊണ്ടാണ്; | (ഡി) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൻെറ അടിസ്ഥാനത്തിലാണ് അന്വേഷണം നടന്നുവരുന്നത്. |
| (ഇ) | 28.04.2014 തീയതിയിൽ ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം പുറപ്പെടുവിച്ച ഉത്തരവ് എന്തായിരുന്നു; ഇതുപ്രകാരം കുറ്റാരോപിതരായ എല്ലാവരെയും എഫ്.ഐ.ആറിൽ ഉൾപ്പെടുത്തിക്കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; | (ഇ) | ആരോപണങ്ങളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കേണ്ടതാണെന്നാണ് ഉത്തരവ്. ടി ഉത്തരവിൽ ഭേദഗതി ചെയ്ത് ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയ ഉത്തരവിൻെറ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്. |
| (എഫ്) | ഏറ്റവും ഒടുവിൽ വിജിലൻസ് കോടതി പുറപ്പെടുവിച്ച നിർദ്ദേശം എന്തായിരുന്നു? | (എഫ്) | നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ